**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: *359          14.10.2011-ൽ മറുപടിക്ക്

**അനധികൃത ഖനനങ്ങൾക്കെതിരെ നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സാജുപോൾ<br>ശ്രീ.ജെയിംസ് മാത്യു<br>ശ്രീ.ആർ.സെൽവരാജ് | **ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി)** |
| **(എ)** പരിസ്ഥിതിയ്ക്ക് ഭീഷണി ഉയർത്തുന്ന തരത്തിൽ അനധികൃതമായി പാറഖനനം നടത്തുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | **(എ)** അനധികൃതമായി പാറഖനനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജനുവരി 2011 മുതൽ ആഗസ്റ്റ് 2011 വരെ കേരളത്തിന്റെ വിവിധ ജില്ലകളിലായി അനധികൃത പാറഖനനം സംബന്ധിച്ച് 771 കേസ്സുകൾ കണ്ടെത്തിയിട്ടുണ്ട്. |
| **(ബി)** ഇതിന്റെ നിയന്ത്രണത്തിനായി വകുപ്പുതലത്തിൽ നടപടി സ്വീകരിച്ചി ട്ടുണ്ടോ; | **(ബി)** സ്വീകരിച്ചിട്ടുണ്ട്. അനധികൃത പാറഖനനം കണ്ടെത്തിയ 771 കേസ്സുകളിൽ, കെ.എം.എം.സി.ആർ-1967 അനുസരിച്ച്, നിയമപരമായ നടപടികൾ സ്വീകരിച്ച്, 94,87,156/- രൂപ പിഴ ഈടാക്കിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 02.08.2011ലെ സ.ഉ(സാധാ)നം.1824/11/LSGD പ്രകാരം വ്യവസായ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനായി സംസ്ഥാന തലത്തിലും, ജില്ലാ കളക്ടർമാർ ചെയർമാൻമാരായി ജില്ലാതലത്തിലും, ആർ.ഡി.ഒ ചെയർമാനായി ഡിവിഷൻ തലത്തിലും വിജിലൻസ് & മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ലൈസൻസിംഗ് വ്യവസ്ഥകളും കർശനമാക്കിയിട്ടുണ്ട്. |
| **(സി)** ഇതിനുശേഷവും ഖനനം തുടരുന്നതായി അറിയാമോ;<br><br>**(ഡി)** അനധികൃതമായി നടത്തുന്ന ഇത്തരം ഖനനങ്ങൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുമോ? | **(സി) & (ഡി)** അനധികൃത ഖനനം നടക്കുന്നപക്ഷം അതിനെതിരെ കെ.എം.എം.സി.ആർ-1967 പ്രകാരമുള്ള എല്ലാ നിയമനടപടികളും സ്വീകരിക്കു ന്നതാണ്. |
| | സെക്ഷൻ ഓഫീസർ |